**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4737** **20-07-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ നഗരവികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള റോഡ് ഫണ്ട് ബോർഡ് വഴി നടപ്പിലാക്കാൻ പ്രഖ്യാപിച്ച പയ്യന്നൂർ നഗരവികസന പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ; | (എ) | പയ്യന്നൂർ നഗരപാത വികസന പദ്ധതി നടപ്പിലാക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടുത്തി റോഡുകളുടെ പട്ടിക തയ്യാറാക്കി നൽകുന്നതിന് പൊതുമരാമത്ത് നിരത്തു വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റോഡുകളുടെ പട്ടിക നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർ കേരള റോഡ് ഫണ്ട് ബോർഡിൽ സമർപ്പിക്കുന്ന മുറയ്ക്ക് വിശദമായ രൂപരേഖ(ഡി.പി.ആർ) പൊതുമരാമത്ത് ഡിസൈൻ വിഭാഗം തയ്യാറാക്കുന്നതാണ്. |
| (ബി) | പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് അറിയിക്കാമോ; | (ബി) | പയ്യന്നൂർ നഗരപാത വികസന പദ്ധതി നടപ്പിലാക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടുത്തി റോഡുകളുടെ പട്ടിക തയ്യാറാക്കി നൽകുന്നതിന് പൊതുമരാമത്ത് നിരത്തു വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റോഡുകളുടെ പട്ടിക നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർ കേരള റോഡ് ഫണ്ട് ബോർഡിൽ സമർപ്പിക്കുന്ന മുറയ്ക്ക് വിശദമായ രൂപരേഖ(ഡി.പി.ആർ) പൊതുമരാമത്ത് ഡിസൈൻ വിഭാഗം തയ്യാറാക്കുന്നതാണ്. |
| (സി) | പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിലെ തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി യാഥാർത്ഥ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ നേരത്തെ സമർപ്പിച്ച റോഡ് പട്ടിക പ്രകാരം റോഡുകളുടെ വീതി 3 മുതൽ 4 മീറ്റർ വരെയാണ്. എന്നാൽ നഗരവികസന പദ്ധതിയിൽ റോഡുകൾ വികസിപ്പിക്കുന്നതിന് കുറഞ്ഞത് 10 മീറ്റർ ആവശ്യമായതിനാൽ പുതുക്കിയ റോഡ് പട്ടിക സമർപ്പിക്കാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട് |
| (ഡി) | പ്രസ്തുത പദ്ധതി എങ്ങനെയാണ് കെ.ആർ.എഫ്.ബി. വിഭാവനം ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ഡി) | പയ്യന്നൂർ നഗര വികസന പദ്ധതി പൊതു സ്വകാര്യ പങ്കാളിത്തത്തോട് കൂടി ഡി.ബി.എഫ്.ഒ.റ്റി ആന്വറ്റി വ്യവസ്ഥയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ |

| | | | |
|---|---|---|---|
| | | | 15 വർഷത്തെ പരിപാലന പ്രവൃത്തികളും കൺസഷണറിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ